# Deepika

## 25 August 2018

## Kochi; Flood, Cleaning, Disaster Management

### പ്രളയക്കെടുതി നേരിടാൻ കേന്ദ്രം അനുവദിച്ച അരി സൗജന്യമാക്കണം: മുഖ്യമന്ത്രി കേന്ദ്രത്തിനു കത്തയച്ചു

**തിരുവനന്തപുരം:** പ്രളയക്കെടുതി നേരിടാനായി അനുവദിച്ച അരി സൗജന്യമാക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രത്തിന് കത്തയച്ചു.

കേന്ദ്രത്തോട് 1,18,000 ടൺ അരി സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. 89,549 ടൺ അരിയാണ് അനുവദിച്ചത്. ഒരു കിലോ അരിക്ക് 25 രൂപ നിരക്കിൽ 238 കോടി രൂപ വിലയിട്ടാണ് കഴിഞ്ഞ ദിവസം ഉത്തരവ് വന്നത്. ടെൻഡർ വിളിച്ചാൽ ഒരു കിലോയ്ക്ക് 30 രൂപ നിരക്കിൽ അരി ലഭിക്കുമെന്നിരിക്കെയാണ് 25 രൂപവിലയിട്ട് കേന്ദ്രം ഉത്തരവിറക്കിയത്. ഭക്ഷ്യഭദ്രതാ നിയമപ്രകാരം കിലോയ്ക്ക് മൂന്നു രൂപ നിരക്കിൽ അരി അനുവദിക്കണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നത്. കേന്ദ്രം മഴക്കെടുതി നേരിടാനായി 600 കോടി രൂപയാണ് അനുവദിച്ചത്.

കിലോയ്ക്ക് 25 രൂപ നിരക്കിൽ സംസ്ഥാനം അരിയെടുത്താൽ 238 കോടി രൂപ കുറച്ച് 362 കോടി രൂപ മാത്രമേ കേന്ദ്ര സഹായമായി ലഭിക്കുകയുള്ളൂ. അനുവദിച്ച അരി സൗജന്യമാക്കാമെന്ന് കേന്ദ്ര മന്ത്രി രാംവിലാസ് പസ്വാൻ നേരത്തെ അറിയിച്ചിരുന്നു.

സംസ്ഥാനത്ത് 10 ലക്ഷം പേർ ദുരിതാശ്വാസ ക്യാമ്പിലായി. അവർക്കു മൂന്ന് മാസത്തേക്ക് സൗജന്യമായി നൽകാനാവശ്യമായ അരി നൽകണമെന്നാവശ്യപ്പെട്ട് ഭക്ഷ്യമന്ത്രി പി. തിലോത്തമൻ കേന്ദ്രത്തിന് കത്തയച്ചു.

### പ്രളയദുരന്തം സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം: കേരള കോൺ.-എം

**കൊച്ചി:** സംസ്ഥാനത്തുണ്ടായ പ്രളയദുരന്തം സർക്കാരിന്റെ കെടുകാര്യസ്ഥത മൂലമാണെന്ന് കേരള കോൺഗ്രസ്-എം ജില്ലാ കമ്മിറ്റി യോഗം. വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെയാണ് കേരളത്തിലെ ഡാമുകൾ എല്ലാം ഒരേസമയത്ത് തുറന്നത്. ഈ സാഹചര്യത്തിൽ പ്രളയക്കെടുതിയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് സർക്കാർ ജനങ്ങളോട് മാപ്പ് പറയണമെന്ന് യോഗം ആവശ്യപ്പെട്ടു. പ്രളയബാധിത പ്രദേശങ്ങളിലെ വീടുകൾ ശുചീകരിക്കുന്നതിന് ഓരോ നിയോജകമണ്ഡലത്തിലും 100 പേർ അടങ്ങുന്ന യുവജന സേനയെ നിയോഗിച്ചിട്ടുണ്ടെന്നും അർഹരായ ആളുകൾക്ക് വീട് താമസയോഗ്യമാക്കുന്നതിന് ആവശ്യമായ സാധനങ്ങൾ സൗജന്യമായി നൽകുമെന്നും യോഗം അറിയിച്ചു. വീടുകൾ താമസയോഗ്യമാക്കുന്നതിനായി സർക്കാർ നൽകുമെന്ന് പ്രഖ്യാപിച്ച വായ്പാ സഹായം സഹായധനമാക്കി മാറ്റണമെന്ന് യോഗം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ഷിബു തെക്കുംപുറം അധ്യക്ഷത വഹിച്ചു.

ടി.യു. കുരുവിള, പി.കെ. സജീവ്, ബാബു ജോസഫ്, എം.എം. ഫ്രാൻസിസ്, വി.വി. ജോഷി, സേവി കുരിശുവീട്ടിൽ, ബേബി വട്ടക്കുന്നേൽ, ജോൺസൺ പാട്ടത്തിൽ, സോമി ജോബ് എന്നിവർ പ്രസംഗിച്ചു.

### പ്രളയാനന്തര സാഹചര്യം വിശകലനം ചെയ്തു പഠന റിപ്പോർട്ട് വേണം: കെസിബിസി

**കൊച്ചി:** പ്രളയത്തിന്റെ ആഘാതവും പ്രളയാനന്തര സാഹചര്യങ്ങളും വിശകലനംചെയ്തു സർക്കാർ പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്നു കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ (കെസിബിസി).

പ്രളയാനന്തര സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി ചേർന്ന യോഗത്തിൽ പുനരധിവാസ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനായി സർക്കാരിന്റെ ശ്രദ്ധയിലേക്കു കെസിബിസി പതിനൊന്നിന നിർദേശങ്ങൾ സമർപ്പിച്ചു.

ദളിത്-ആദിവാസി വിഭാഗങ്ങൾ, ചെറുകിട കർഷകർ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, കുട്ടികൾ, വിദ്യാർഥികൾ, ചെറുകിട തൊഴിൽ സംരംഭകർ, ദൈനംദിന തൊഴിലാളികൾ, കിടപ്പുരോഗികൾ എന്നിവർക്കു പ്രത്യേക പരിഗണന നൽകുക, പകർച്ചവ്യാധികൾ തടയുന്നതിനും പ്രതിരോധപ്രവർത്തനങ്ങൾക്കും സർക്കാരിതര ഏജൻസികളുമായുള്ള ഏകോപനം ഫലപ്രദമാക്കുക, ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നു സ്വന്തം വീടുകളിലേക്ക് തിരിച്ചുപോകാൻ കഴിയാത്തവർക്കു താത്ക്കാലിക പുനരധിവാസ സംവിധാനം ഒരുക്കുക തുടങ്ങിയവയാണു നിർദേശങ്ങളിൽ പ്രധാനപ്പെട്ടത്.

ദുരിതാശ്വാസപ്രവർത്തനങ്ങളിൽ 2891 വൈദികരും 6737 സന്യാസിനികളും 69,821 യുവജനങ്ങളും 99,705 സന്നദ്ധപ്രവർത്തകരും പങ്കെടുത്തു. 4094 ക്യാമ്പുകളുടെ നടത്തിപ്പിനായി 26,27,48,350 രൂപ ചെലവഴിച്ചു. ടോറസ്, ടിപ്പർ, 437 ബോട്ടുകൾ, 329 വള്ളങ്ങൾ, 1516 മറ്റു വാഹനങ്ങൾ എന്നിവയും രക്ഷാദൗത്യത്തിനും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുമായി ഉപയോഗിച്ചതായും യോഗം വ്യക്തമാക്കി.

രക്ഷാദൗത്യം സ്വന്തം ചുമതലയായി ഏറ്റെടുത്ത മത്സ്യത്തൊഴിലാളികളുടെ സേവനത്തെ യോഗം അഭിനന്ദിച്ചു. സിബിസിഐയുടെ സാമൂഹ്യക്ഷേമ സംവിധാനമായ കാരിത്താസ് ഇന്ത്യ ഉൾപ്പെടെ 35 സമൂഹ്യസേവന സംഘടനകളുടെയും സന്ന്യാസസമൂഹങ്ങളുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.